PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Saturday, *the 22nd September 1951*

VOL. IV] OFFICIAL REPORT [No. 5

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Saturday, the 22nd September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day)

Oral Answers

മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ

*൧൦൪. (൮) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാളായി നിയമിക്കണമെന്ന് ഈ സംസ്ഥാനത്തെ പ്രജകളിൽ ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ആ അപേക്ഷകരിൽ ഓരോരുത്തക്കും ഉള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ഈ അപേക്ഷകരിൽ പ്രിൻസിപ്പാളായിരിക്കാൻ യോഗ്യതയുള്ള വർ ആരെങ്കിലും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവരെ നിയമിക്കാതിരിക്കാൻ കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരപേക്ഷകനുണ്ട്.

(ബി) അപേക്ഷയിൽ കാണിച്ചിട്ടുള്ള പ്രകാരം അദ്ദേഹത്തിന്റെ യോഗ്യതകൾ:—

ബി. എ., എം. ബി. ബി. എസ്., എം. ആർ. സി. എസ്. (ഇംഗ്ലണ്ട്), എൽ. ആർ. സി. പി. (ലണ്ടൻ), എം. ആർ. സി. പി. (എടിൻ), ഡി. റ്റി. എം. ആൻഡ് എച്ച്. ഫെല്ലോ ഫോർ റോയൽ സൊസൈറ്റി ഫോർ ട്രോപ്പിക്കൽ മെഡിസിൻ ആൻഡ് ഹൈജിൻ; ഫെല്ലോ ഓഫ് ദി ലണ്ടൻ ഡെർമറോളജിക്കൽ സൊസൈറ്റി; മേജർ ലെയിറ്റ് ആർ. എ. എം. സി.

(സി) ഈ കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) മേൽ ഉദ്ധരിച്ച ചോദ്യംകൊണ്ട് ഇതു് ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: സമർത്ഥനായ ഒരാളുടെ അപേക്ഷ കിട്ടിയിട്ട് ഇതേവരെ എന്തുകൊണ്ടാണ് അതു് പരിശോധിക്കാതിരുന്നിട്ടുള്ളതു്?

ശ്രീ. സി. കേശവൻ. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഷിപ്പിനു് ഡയറക്ടർ ഓഫ് മെഡിക്കൽ സർവ്വീസിൽ നിന്നും ഒരാൾ വേണമെന്നു് ഗവൺമെന്റിന്റെ തീരുമാനമുണ്ടായിരുന്നു. അതിനുവേണ്ടി ഇൻഡ്യാ ഗവൺമെന്റുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരുന്നപ്പോഴാണ് ഈ അപേക്ഷ കിട്ടിയതു്. അതുകൊണ്ടാണ് അതിനെപ്പറ്റി പരിശോധിക്കാതിരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: ഡബ്ലിയു. എച്ച്. ഒ. യിൽനിന്ന് എപ്പോൾ ആളെ കിട്ടുമെന്നാണ് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നത്?

ശ്രീ. സി. കേശവൻ: കഴിയുന്നതും വേഗം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. നാണു: ഇവിടെ യോഗ്യതകളുള്ള ആളുകൾ ഉള്ളപ്പോൾ ഈ വക സ്ഥാനങ്ങളിൽ അവരെ നിയമിച്ചു അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: ഇതു് പ്രോത്സാഹിപ്പിക്കേണ്ട ഒരു വിഷയമല്ല. ഇവിടെ പുത്തനായി ഒരു മെഡിക്കൽ കാളേജു് ഉണ്ടായിരിക്കുകയാണ്. ആ നിലയ്ക്കു ഈ മെഡിക്കൽ കാളേജിൻറെ പേരിനു് അനുരൂപമായിരിക്കുന്ന ഒരാളെ നിയമിക്കുന്നതായിരിക്കും നല്ലതു എന്നു് ഗവണ്മെൻറ് ഉദ്ദേശിച്ചു. അതുകൊണ്ടാണ് ഡബ്ലിയു. എച്ച്. ഒ. യിൽനിന്നു് ഒരാളെ വേണമെന്നു് ഗവണ്മെൻറ് ആവശ്യപ്പെട്ടതു്.

ശ്രീ. പി. നാണു: യോഗ്യതയുള്ള ആളുകൾ ഇവിടെയുണ്ടെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

ശ്രീ. സി. കേശവൻ: ഈ അപേക്ഷകൻറെ യോഗ്യതകൾ ഒരു മെഡിക്കൽ കാളേജു് പ്രിൻസിപ്പാളിനുള്ള യോഗ്യതയാണെന്നു് എനിക്കു തോന്നുന്നില്ല.

ശ്രീ. ജോസഫ് മാത്തൻ: മെഡിക്കൽ കാളേജു് പ്രിൻസിപ്പാളിൻറെ ഉദ്യോഗത്തിനു് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ജോസഫ് മാത്തൻ: അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തപ്പോൾ ഇദ്ദേഹം അപേക്ഷ അയച്ചിരിക്കുന്നതിൽ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. സി. കേശവൻ: അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തപ്പോൾ അപേക്ഷ അയയ്ക്കേണ്ടതിൻറെ ആവശ്യം ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അപേക്ഷകൻറെ പേരെന്താണ്?

ശ്രീ. സി. കേശവൻ: ജി. ഭാസ്കരൻ എന്നാണ് പേർ. ഇപ്പോൾ ഇദ്ദേഹം ഉദ്യോഗം ഒന്നും ഇല്ലാതിരിക്കയാണ്.

Sri. P. Balakrishnan Tampi: Is the Government aware that fellowship of these learned societies is not considered tantamount to an academic work?

ശ്രീ. സി. കേശവൻ: അതു് എനിക്കു് അറിയുവാൻ പാടില്ല.

Dr. M. O. Cheriyan: Has he got any administrative experience?

Sri. C. Kesavan: The qualifications have been read out.

ശ്രീ. പി. നാണു: ശ്രീ. ബാലകൃഷ്ണൻതമ്പി അവർകളുടെ സ്വന്തത്തിൽപെട്ട ആരെങ്കിലും ഇതിനു് അപേക്ഷ അയച്ചിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

Sri. P. Balakrishnan Tampi: May I know whether Government are aware that there are scores of people in the Medical Department who have higher qualifications both in surgery and medicine?

Sri. C. Kesavan: I do not know how to compare these things. I will have on consult a medical man.

ആശുപത്രി

* ൧൦൩. (൨) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു കാമ്പൗണ്ടറുമാർ ഇല്ലാത്ത എത്ര ആശുപത്രികൾ ഉണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly